**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1027** **10-08-2023 - ൽ മറുപടിയ്ക്ക്**

**വന്യജീവി സംരക്ഷണ നിയമ ഭേദഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വനാതിർത്തിക്ക് സമീപത്തെ ജനവാസമേഖലയിലെ വന്യജീവി ആക്രമണം നേരിടുന്നതിനായി വന്യജീവി സംരക്ഷണ നിയമം ഭേദഗതി ചെയ്യുന്നതിന്, ചീഫ് സെക്രട്ടറി കൺവീനറായി രൂപീകരിച്ച ഉന്നതതല സമിതിയുടെ റിപ്പോർട്ട് തയ്യാറാക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ? | (എ) | വനാതിർത്തിക്ക് സമീപത്തെ ജനവാസമേഖലയിലെ വന്യജീവി ആക്രമണം നേരിടുന്നതിനായി കേന്ദ്രനിയമമായ 1972-ലെ വന്യജീവി(സംരക്ഷണം) നിയമം ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി സർക്കാറിന് സമർപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി കൺവീനറും വനം വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, പരിസ്ഥിതി സംരക്ഷണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, വനം വകുപ്പ് മേധാവി, നിയമ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായുള്ള ഒരു സമിതി രൂപീകരിച്ച് 26.06.2023-ൽ സ.ഉ.(സാധാ) നം.248/2023/വനം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ പ്രഥമയോഗം 20.07.2023-ൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന് നിയമ ഭേദഗതി സംബന്ധിച്ച വിഷയം സമിതി പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ